**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6553** **11-07-2024 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാറശാല മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിലെ മലയോര ഹൈവേ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദാംശവും ചുവടെ ചേർക്കുന്നു.<br><br>**1. <u>കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം</u>** (15.5 കി.മീ) - 31.01.2024-ന് പൂർത്തിയായി.<br><br>**2. <u>കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം</u>** (7.45 കി.മീ) - പുറമ്പോക്ക് (800 മീറ്റർ) ഒഴികെയുള്ള എല്ലാ ഭാഗങ്ങളിലും ബിസി പൂർത്തിയാക്കിയിട്ടുണ്ട്. പുനരധിവാസത്തിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പ് മുഖാന്തിരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിലേക്കുള്ള തുടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി പുനരധിവാസം നടത്തി പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br><br>**3. <u>കുടപ്പനമൂട്- വാഴിച്ചൽ (2.9 കി.മീ)</u>** - 28.02.2024-ന് കരാറുകാരനുമായി പ്രവൃത്തിയുടെ എഗ്രിമെന്റിൽ ഏർപ്പെട്ടു. പ്രവൃത്തി പുരോഗമിക്കുന്നു (12%). 20.12.2024-നകം പ്രവൃത്തി പൂർത്തിയാക്കാനാകും.<br><br>**4. <u>മുകുന്ദറ പാലത്തിന്റെയും എൻ ഐ പി കനാലിന് കുറുകെയുള്ള പാലത്തിന്റെയും നിർമ്മാണം</u>** - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് TS കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകുകയും എന്നാൽ എസ്റ്റിമേറ്റ് തുക സാമ്പത്തികാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, പാലങ്ങളുടെ നിർമ്മാണം എന്നിവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | പാറശ്ശാല മണ്ഡലത്തിലെ മലയോര ഹൈവേ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദാംശവും ചുവടെ ചേർക്കുന്നു.<br><br>**1. <u>കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം</u>** (15.5 കി.മീ) - 31.01.2024-ന് പൂർത്തിയായി.<br><br>**2. <u>കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം</u>** (7.45 കി.മീ) - പുറമ്പോക്ക് (800 മീറ്റർ) ഒഴികെയുള്ള എല്ലാ ഭാഗങ്ങളിലും ബിസി പൂർത്തിയാക്കിയിട്ടുണ്ട്. പുനരധിവാസത്തിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പ് മുഖാന്തിരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിലേക്കുള്ള തുടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി പുനരധിവാസം നടത്തി പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br><br>**3. <u>കുടപ്പനമൂട്- വാഴിച്ചൽ (2.9 കി.മീ)</u>** - 28.02.2024-ന് കരാറുകാരനുമായി പ്രവൃത്തിയുടെ എഗ്രിമെന്റിൽ ഏർപ്പെട്ടു. പ്രവൃത്തി പുരോഗമിക്കുന്നു (12%). 20.12.2024-നകം പ്രവൃത്തി പൂർത്തിയാക്കാനാകും.<br><br>**4. <u>മുകുന്ദറ പാലത്തിന്റെയും എൻ ഐ പി കനാലിന് കുറുകെയുള്ള പാലത്തിന്റെയും നിർമ്മാണം</u>** - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് TS കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകുകയും എന്നാൽ എസ്റ്റിമേറ്റ് തുക സാമ്പത്തികാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| (സി) | മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വാഴിച്ചൽ-കള്ളിക്കാട് റീച്ചിലെ റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് എപ്രകാരം നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്നും അതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ബന്ധപ്പെട്ട ഫയൽ നമ്പർ ഉൾപ്പടെ വിശദമാക്കാമോ? | (സി) | മലയോര ഹൈവേ കള്ളിക്കാട് വാഴിച്ചൽ റീച്ചിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 42 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മാനുഷിക പരിഗണനയിൽ ലൈഫ് മിഷൻ മോഡലിലുള്ള ഒരു പദ്ധതിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് മാറ്റിപാർപ്പിക്കുന്നതിന് 30.11.2023 ലെ G.O.(Rt)No.1570/2023/PWD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പുറമ്പോക്ക് വാസികളെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബി ഫണ്ടിൽ നിന്നും 2.52 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 90 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ച വാഴിച്ചൽ - കള്ളിക്കാട് റീച്ചിൽ റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന വിഷയം കിഫ്ബിയിൽ ബഹു. എം.എൽ.എയുടെ |

| | | | |
|---|---|---|---|
| | | | സാന്നിധ്യത്തിൽ 08/12/2023-ന് നടന്ന യോഗത്തിൽ ചർച്ച ചെയ്തിരുന്നു. തിരുവനന്തപുരം ജില്ലാ കളക്ടറും പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥരും കള്ളിക്കാട്, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് പ്രതിനിധികളും പങ്കെടുത്ത പ്രസ്തുത യോഗത്തിൽ 42 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലൈഫ് മിഷൻ മാതൃകയിൽ 2.52 കോടി രൂപയിൽ നിജപ്പെടുത്തി തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പുനരധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള ഭൂമി നടപടിക്രമങ്ങൾ പാലിച്ച് ഒറ്റശേഖരമംഗലം പഞ്ചായത്ത് സെക്രട്ടറി രജിസ്ട്രന്റായി ഗവർണ്ണറുടെ പേരിൽ വാങ്ങുന്നതിനും, ശേഷം ഗുണഭോക്താക്കൾക്കുള്ള ഭൂമി ജില്ലാ കളക്ടർ കേരള ലാന്റ് അസൈൻമെന്റ് റൂൾസ് പ്രകാരം അനുവദിച്ച് നൽകുന്നതിനും തീരുമാനം കൈക്കൊണ്ടിരുന്നു. ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 02/07/2024-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പുനരധിവാസത്തിനുള്ള എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ